**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളിൽ ഐ.ടി സംയോജനം വഴി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി കേരള ഗവൺമെന്റ് ഐ.ടി മിഷൻ ഇ-ടെണ്ടർ പോർട്ടൽ വഴി Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് CBS & Allied Services സേവനദാതാവായി M/s Wipro Ltd-നെയും Omni Channel സേവനദാതാവായി M/s Infrasoft Technologies Ltd-നെയും തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് M/s Infrasoft Technologies Ltd-ന് 02.09.2021-ലും, M/s Wipro Ltd-ന് 06.09.2021-ലും പർച്ചെയ്സ് ഓർഡർ നൽകിയിട്ടുണ്ട്. ഐ.ടി സംയോജനം, കോർ ബാങ്കിംഗ്, HRMS, Government Business Module, Data Centre Hardware/Network, Security, Asset Liability Management (ALM), Anti Money Laundering (AML) മുതലായ സേവനങ്ങൾ 6 വർഷ കാലയളവിലേക്ക് നൽകുന്നതിനാണ് M/s Wipro Ltd-മായി ധാരണയിലായിട്ടുള്ളത്. ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളായ Mobile Banking, Immediate Payment System(IMPS), Unified Payment Interface (UPI), Internet Banking, Financial Inclusion, Video KYC, E-KYC, e-commerce, Point of Sale (POS), Micro ATM മുതലായവ 5 വർഷ കാലയളവിലേക്ക് നൽകുന്നതിനാണ് M/s Infrasoft Technologies Ltd-മായി ധാരണയിലായിട്ടുള്ളത്. ഐ.ടി സംയോജന നടപടികളുമായി ബന്ധപ്പെട്ട് Project Management Office സ്ഥിരം സംവിധാനമായ Command Centre എന്നിവ എറണാകുളം CBO/CPC പ്രവർത്തിക്കുന്ന കെട്ടിടം/Proposed Training Centre |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ ഉചിതമായ സ്ഥലം കണ്ടെത്തി പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രാഥമിക സഹകരണ ബാങ്കുകൾക്കായി തയ്യാറാക്കുന്ന പൊതു സോഫ്റ്റ് വെയറിനെ കേരള ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | പ്രാഥമിക സഹകരണ ബാങ്കുകൾക്കായി തയ്യാറാക്കുന്ന പൊതു സോഫ്റ്റ് വെയറിനെ കേരള ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ട്. |
| (സി) | കേരള ബാങ്കുമായി സഹകരിച്ച് പ്രാഥമിക സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | Reserve Bank of India, NABARD എന്നിവരുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ